പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.370 — 27.02.2017 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) | 2016 -ൽ സംസ്ഥാനത്ത് കർഷകരിൽ നിന്നും സപ്ലൈകോ എത്ര ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ടെന്നും 2015 -ൽ എത്ര ക്വിന്റൽ സംഭരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ; | (എ) 2016-17 സീസണിൽ 19.02.2017 വരെ സംസ്ഥാനത്തെ 61477 കർഷകരിൽ നിന്നും 2.08 ലക്ഷം മെ. ടണ്ണും 2015-16 രണ്ടാം സീസണിൽ 4 ലക്ഷം മെ. ടണ്ണും നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | നെല്ലിന്റെ സംഭരണവില ഇപ്പോൾ എത്രയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്; അത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) 2016 ഒക്ടോബർ മുതൽ സംഭരിക്കുന്ന നെല്ലിന് കിലോ ഗ്രാമിന് 22.50 രൂപയായി 10.11.2016 തീയതിയിലെ സ.ഉ (എം.എസ്) നം.19/2016/ഭ.പൊ.വി.നമ്പർ പ്രകാരം വില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വീണ്ടും ഒരു വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക തുക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണ്; കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) 2016-17 സീസണിൽ 61477 കർഷകരിൽ നിന്നായി 20/02/2017 വരെ 2.08 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ച വകയിൽ കിലോ ഗ്രാമിന് 22.50 രൂപ നിരക്കിൽ 468.44 കോടി രൂപ നൽകുവാൻ ഉണ്ടായിരുന്നതിൽ 410.31 കോടി രൂപ നൽകിക്കഴിഞ്ഞു. 58.13 കോടി രൂപ കർഷകർക്ക് കുടിശ്ശികയായുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ